ഉത്തരം

(എ) 26 'എ' വിഭാഗം മുറികൾക്ക് 20-11-2000 മുതൽ പ്രതിദിനം 120 രൂപയാണ് വാടക.

(ബി&സി) ഉണ്ട്. ഇതു സംബന്ധിച്ച് ലഭിച്ച പരാതികളിൽ അന്വേഷണം നടത്തിവരുന്നു.

(ഡി) ആവശ്യമായ നിർദ്ദേശം നിലവിലുണ്ട്.

കണ്ണൂർ ജില്ലാ ആശുപത്രിയിലെ വൈദ്യുതിചാർജ് അടയ്ക്കാൻ നടപടി

51(1841) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലാ ആശുപത്രിയിൽ വൈദ്യുതി തുക അടയ്ക്കാത്തത് കൊണ്ട് വൈദ്യുതി കണക്ഷൻ വിച്ഛേദിച്ച സംഭവം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) ഈ ഇനത്തിൽ ഇപ്പോൾ എത്രതുക കുടിശ്ശിക വരുത്തിയിട്ടുണ്ട് ;

(സി) ഈ തുക അടയ്ക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ടായിട്ടുണ്ട്. വൈദ്യുതി തുക അടയ്ക്കാത്തതിനാൽ 28-2-2000-ൽ കണ്ണൂർ ജില്ലാ ആശുപത്രിയിലെ പോളിക്ലിനിക് കെട്ടിടത്തിലേയും നഴ്സ്സ് ക്വാർട്ടേഴ്സിലെയും വൈദ്യുതി വിച്ഛേദിക്കുകയുണ്ടായി.

(ബി) 12/2000 വരെ ഈ സ്ഥാപനത്തിന് വൈദ്യുതി തുക 58,62,418/40 രൂപയും, അതിന്റെ പിഴപലിശയും കുടിശ്ശികയായിട്ടുണ്ട്.

(സി) ഈ തുക അടയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ആയുർവേദ വകുപ്പിൽ ഡി.പി.സി. കൂടുന്നതിൽ നടപടി

52(1843) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോഴുള്ള ആയുർവേദ വിദ്യാഭ്യാസ ഡയറക്ടർ സർവ്വീസിൽനിന്നും വിരമിക്കുന്നതെന്ന് ;

(ബി) ഡി.പി.സി. ആയുർവേദവകുപ്പിൽ അവസാനമായി കൂടിയതെന്നാണ് ;

(സി) ഡി.പി.സി. കൂടാതെ പ്രൊമോഷൻ നൽകാനുള്ള നീക്കം വകുപ്പിൽ ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly